ESTD:1976

കാരവൽ

1196 മീനം 24, 1442 ശഅ്ബാൻ 24, 2021 ഏപ്രിൽ 7 ബുധൻ

അക്രമ രാഷ്ട്രീയം എന്തിനുവേണ്ടി?

പുള്ളിമാന് ഒരു പുള്ളികൂടിയാലും കുറഞ്ഞാലും അതു പുള്ളിമാൻ അല്ലാതാവുന്നില്ല. രാഷ്ട്രീയക്കാരുടെ മനോഭാവവും ഏതാണ്ടതുപോലെ തന്നെയാണെന്നു വോട്ടെടുപ്പു കഴിഞ്ഞുടൻ സംസ്ഥാനത്തിന്റെയും ജില്ലയുടെയും പലഭാഗത്തും അവർ അതു തെളിയിച്ചു.

ജില്ലയിൽ തൃക്കരിപ്പൂർ മണ്ഡലത്തിൽ അങ്ങിങ്ങ് ഒഴിവാക്കാമായിരുന്ന അനിഷ്ട സംഭവങ്ങൾ പോളിംഗ് കഴിഞ്ഞുടൻ അരങ്ങേറുകയായിരുന്നു. പോളിംഗ് ബൂത്തിനുള്ളിൽ തടഞ്ഞു വച്ചിരിക്കുകയായിരുന്ന പോളിംഗ് ഏജന്റുമാരെ കൊണ്ടുപോകാനെത്തിയ യു ഡി എഫ് സ്ഥാനാർത്ഥിയുടെ കാർ ഒരു സംഘം തകർത്തതായി പരാതിയുണ്ട്. ചീമേനിയിലും യു ഡി എഫ് ഏജന്റിനു മർദ്ദനമേറ്റു. ഉദുമയിലെ യു ഡി എഫ് സ്ഥാനാർത്ഥിയുടെ വീടിനും വാഹനത്തിനും കല്ലെറിഞ്ഞതായും പരാതിയുണ്ട്.

ജില്ലയിൽ ഏറ്റവും വാശിയേറിയ മത്സരം നടന്ന മഞ്ചേശ്വരത്തെ കനിയാല 130-ാം ബൂത്തിൽ വൈകിട്ട് അഞ്ചരക്കെത്തിയ വോട്ടർമാരെ വോട്ടു ചെയ്യാനനുവദിച്ചില്ലെന്നു പരാതി ഉയർന്നിരുന്നു. വിവരമറിഞ്ഞു സ്ഥലത്തെത്തിയ എൻ ഡി എ സ്ഥാനാർത്ഥിയും പ്രവർത്തകരും വോട്ടിംഗിനുള്ള നിശ്ചിത സമയപരിധിക്കുള്ളിൽ ബൂത്തിലെത്തിയവർക്കു വോട്ട് ചെയ്യാനവസരം നൽകണമെന്നാവശ്യപ്പെട്ടു ബൂത്തിനു മുന്നിൽ കുത്തിയിരുന്നു. ഇതേത്തുടർന്ന് എട്ടുമണിയോടടുപ്പിച്ച് അവരെ വോട്ടു ചെയ്യാൻ അനുവദിച്ചു.

അതിനു ശേഷം ഹൊസബെട്ടുവിലും ഇത്തരത്തിൽ വോട്ടു നിഷേധിച്ചിട്ടുണ്ടെന്നാരോപിച്ചു യു ഡി എഫ് സ്ഥാനാർത്ഥിയുടെ നേതൃത്വത്തിൽ ഒരു സംഘം പ്രവർത്തകരും ബൂത്തിനു മുന്നിൽ സംഘടിപ്പിക്കുകയും സംഘർഷം ഉടലെടുക്കുകയും ചെയ്തിരുന്നു. കേന്ദ്രസേന ഉൾപ്പെടെ ശക്തമായ പൊലീസ് സംഘവും സ്ഥലത്തെത്തിയതോടെ ഈ പ്രദേശം സംഘർഷഭരിതമാവുകയായിരുന്നു. തുടർന്നു സ്ഥാനാർത്ഥി തിരഞ്ഞെടുപ്പുദ്യോഗസ്ഥരുമായി ബന്ധപ്പെടുകയും മഞ്ചേശ്വരം മണ്ഡലത്തിലെ നാലു ബൂത്തുകളിൽ വീണ്ടും തിരഞ്ഞെടുപ്പു നടത്താമെന്ന് അധികൃതർ ഉറപ്പു നൽകുകയും ചെയ്തെന്നു പറയുന്നു. രാത്രി 11 മണിവരെ നിലനിന്ന സംഘർഷം അതോടെ അയയുകയായിരുന്നു.

തിരഞ്ഞെടുപ്പ് നിഷ്പക്ഷവും നീതി പൂർവ്വകവുമാക്കാൻ തിരഞ്ഞെടുപ്പു കമ്മീഷൻ ശക്തമായ നടപടികളെടുത്തിരുന്നെങ്കിലും അതെല്ലാം ഫലപ്രദമായിട്ടില്ലെന്ന് ആക്ഷേപമുണ്ട്. സർക്കാർ ജീവനക്കാർ അപൂർവ്വമായെങ്കിലും രാഷ്ട്രീയ ആഭിമുഖ്യം പ്രകടിപ്പിക്കുന്ന നിലപാടു സ്വീകരിച്ചെന്നും അക്ഷേപമുണ്ട്. പൊലീസിനെക്കുറിച്ചും ഇത്തരം ആക്ഷേപം അപൂർവ്വമായെങ്കിലും ഉയരുന്നു.

ഇത്തരം സമീപനങ്ങൾ മൂലം നിയമവിരുദ്ധ നടപടികൾക്കും തെറ്റുകൾക്കുമെതിരെ നിഷ്പക്ഷവും നീതിപൂർവ്വകവുമായ നടപടി ഉണ്ടാവുന്നില്ല. തിരഞ്ഞെടുപ്പിൽ മാത്രമല്ല, തിരഞ്ഞെടുപ്പു കഴിഞ്ഞും സർക്കാർ ഓഫീസുകളുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളിലും ഇത്തരം സമീപനങ്ങൾ സാധാരണമാണ്. നീതി നിഷേധത്തിനിരയാവുന്നവർക്കുവേണ്ടി ചോദിക്കാനും പറയാനും ആരുമില്ലാത്തതു കൊണ്ട് ഇതൊക്കെ ചോദ്യം ചെയ്യപ്പെടാതെ പോവുന്നു. മാത്രമല്ല, ആവർത്തിച്ചുകൊണ്ടിരിക്കുന്ന ഇത്തരം തെറ്റുകൾ കീഴ്വഴക്കങ്ങളും ശരിയുമായി മാറുന്നതും സമൂഹത്തിൽ ഇപ്പോൾ പ്രകടമായിട്ടുള്ള മൂല്യച്യുതിക്കു കാരണമാണ്.

വോട്ടിംഗ് വരെ വാശിയുണ്ടായിരുന്നെങ്കിലും തികഞ്ഞ സംയമനം പാലിക്കാൻ എല്ലാ പാർട്ടികൾക്കും അവയുടെ പ്രവർത്തകർക്കും കഴിഞ്ഞിരുന്നു. വോട്ടിംഗ് പൂർത്തിയായയുടനെ അതൊക്കെ മാറ്റിമറിക്കാൻ എങ്ങനെ കഴിയുന്നു.? എന്തു തന്നെ പ്രകോപനമുണ്ടായാലും ജനവിധിയെ മാറ്റിയെഴുതാൻ അതുകൊണ്ടാവില്ല. രാഷ്ട്രീയവും സമൂഹവും നിലനിൽക്കാൻ മനുഷ്യരുണ്ടായാലേ കഴിയൂ. മനുഷ്യരെയും മനുഷ്യത്വവും ഇല്ലാതാക്കുന്ന നടപടി ഒരു ഭാഗത്തു നിന്നു ഉണ്ടായിക്കൂടാത്തതാണ്.

താൽക്കാലിക ബൂത്തുകളിലും മികച്ച പോളിങ്

കാസർകോട്: കാസർകോട് മണ്ഡലത്തിലെ എം.ഐ.എ.എൽ.പി സ്കൂൾ പള്ളിക്കാൽ തളങ്കരയിൽ തയ്യാറാക്കിയ 166 എ, 167 എന്നീ താൽക്കാലിക ബൂത്തുകളിൽ മികച്ച പോളിങ് സ്കൂൾ പരിസരത്ത് നിർമ്മിച്ച രണ്ട് താൽക്കാലിക പോളിങ് ബൂത്തുകളിലും യാതൊരു വിധത്തിലുമുള്ള ബുദ്ധിമുട്ടുകളും റിപ്പോർട്ട് ചെയ്യില്ല. സുഗമമായ തെരഞ്ഞെടുപ്പാണ് നടന്നതെന്ന് 167 ബൂത്ത് പ്രിസൈഡിങ് ഓഫീസർ കെ.താര പറഞ്ഞു.

മുഅത്തയുടെ ചോരക്കടൽ പിന്നിട്ട്

ഖാലിദിന്റെ യുദ്ധ തന്ത്രം ഹിർഖലിന്റെ സൈന്യത്തെ ശിഥിലമാക്കി. ഈമാൻ ആയുധമാക്കിയവർക്ക് ശത്രുവിന്റെ ആൾബലമോ ആയുധബലമോ പ്രശ്നമല്ലെന്ന് മുസ്ലീംസൈന്യം ബോധ്യപ്പെടുത്തി. ഹിർഖലും സൈന്യവും തോറ്റോടി. തന്റെ സൈന്യത്തെയും നയിച്ച് മദീനയിലേക്ക് തിരിച്ച ഖാലിദിന് ഇസ്ലാമിക ലോകം ഒരു നാമം കാത്ത് വെച്ചിരുന്നു. തിരുനബിയുടെ നാവ് കൊണ്ട് തന്നെ ആദ്യമായും ആ പേര് വിളിച്ചു. "സൈഫുള്ളാഹ്" അല്ലാഹുവിന്റെ വാൾ.

-ഇബ്രാഹിം മുണ്ട്യത്തടുക്ക

യാത്രാ സംഘം ജാമിഅ അസ്ഹറിന്റെ ക്യാമ്പസിൽ ലേഖകന്റെ കൂടെ

യാത്രയിൽ അവിസ്മരണീയമാണ് മുഅത്ത് രണ ഭൂമിയിലൂടെയുള്ള യാത്ര. ത്രസിപ്പിക്കുന്ന ഒരുപാട് അനുഭവങ്ങൾ മുഅത്തക്ക് പറയാനുണ്ടായിരുന്നു. അതിലൊന്ന് രാഷ്ട്ര മര്യാദകൾ കാറ്റിൽ പറത്തിയ "ബുസ്റ" ഭരണാധികാരിയുടെ ക്രൂരതയായിരുന്നു. ബഹുദൈവാരാധന വെടിയുവാനും ഏകദൈവ മാർഗ്ഗം അവലംബിക്കാനും ആവശ്യപ്പെട്ടുകൊണ്ട് ഹാരിസബിൻ ഉമൈർ അസദിയുടെ കൈയ്യിൽ നബി(സ) ഒരു കത്ത് കൊടുത്തയച്ചു. ഒരു രാഷ്ട്ര പ്രതിനിധിയായി വരുന്ന ആളോട് മര്യാദപൂർവ്വം ഇടപെടലാണ് രാജ്യ നീതി. എന്നാൽ ''മുഅത്തക്ക്'' സമീപം ഖൽഖയിൽ എത്തിയപ്പോൾ"ശൂറഹ്ബീലുബ്നു അംറ്'' അദ്ദേഹത്തെ വധിച്ചു.

ഈ സംഭവം മുസ്ലീം ലോകത്തെ വല്ലാതെ ഉലച്ചു. പ്രവാചകർ(സ) വല്ലാതെ ദുഃഖിതനായി. നബി തങ്ങൾ സഹാബത്തിനെ വിളിച്ചു കൂട്ടി ഈ അനീതിക്കെതിരെ പോരാടാൻ ഉറപ്പിച്ചു. രാജ്യാന്തര നിയമങ്ങളും നീതിയും സംരക്ഷിക്കപ്പെടുന്നതിനുള്ള യുദ്ധമായിരുന്നു മുഅത്ത. അന്താരാഷ്ട്ര കൂട്ടായ്മകളൊന്നുമില്ലാത്ത ആ കാലഘട്ടത്തിൽ ഇത്തരത്തിൽ ഒരു യുദ്ധ നീക്കം ശ്രദ്ധേയവും ശ്ലാഘനീയവുമായിരുന്നു. ഭൂമിയിൽ മാനവികതക്ക് വിഘാതമുണ്ടാക്കുന്ന പ്രവർത്തനങ്ങളിൽ ആര് വ്യാപൃതരായാലും അവരെ പ്രതിരോധിക്കുക എന്നതാണ് ഇസ്ലാമികയുദ്ധ ശാസ്ത്രം- മദീനയിൽ നിന്ന് ഏകദേശം ഒരു മാസം കാൽനട യാത്ര തന്നെ വേണ്ടിയിരുന്നു 'മുഅത്തയിലെത്താൻ''. അല്ലാഹുവിന്റെ മാർഗ്ഗത്തിലുള്ള പോരാട്ടത്തിന് ഇതൊന്നും തടസ്സമായില്ല.

ഹിജ്റ എട്ടിൽ ജമാദുൽ ഊലയിലാണ് മുസ്ലീം സൈന്യം മുഅത്തയിലേക്ക് കുതിക്കുന്നത് സൈദുബ്നുഹാരിസയുടെ നേതൃത്വത്തിൽ മൂവായിരം പേരാണ് സംഘത്തിൽ ഉണ്ടായിരുന്നത്. യുദ്ധം കടുത്തതായിരിക്കുമെന്നും രക്തരൂക്ഷിതമായിരിക്കുമെന്നും നബി തങ്ങൾക്കറിയാമായിരുന്നു. അത് കൊണ്ടാവാം ഹാരിസ രക്തസാക്ഷിയായാൽ പിന്നെ നേതൃത്വമേറ്റെടുക്കാൻ ജഅഫറുബ്നു അബീത്വാലിബിനെയും അവർ രക്തസാക്ഷിയായാൽ അബ്ദുള്ളാഹിബിന് റവാഹയെയും നേതൃത്വം ഏൽപ്പിക്കാൻ അവിടുന്നു നിർദ്ദേശിച്ചത്. അദ്ദേഹത്തെയും നഷ്ടപ്പെട്ടാൽ ഉചിതനായ ഒരാളെ നിങ്ങൾ തന്നെ തെരഞ്ഞെടുക്കുക എന്നും നബി നിർദ്ദേശിച്ചിരുന്നു.

മൂവായിരത്തെ പ്രതിരോധിക്കാൻ ഒരു ലക്ഷം സൈനികർ! അതായിരുന്നു ഹിരഖലിന്റെ നേതൃത്വത്തിലുള്ള റോമൻ സൈന്യത്തിന്റെ മറുപടി- "ജോർദ്ദാ" നിൽ എത്തിയപ്പോഴാണ് മുസ്ലീംസൈന്യത്തിന് അവരുടെ വ്യാപ്തിയെക്കുറിച്ച് ബോധമുണ്ടാകുന്നത്, ജുദാം, ഖൈൻ, ഖലാം, ബഹ്റാഹ്, അവിടുത്തെ പ്രബല ഗോത്രങ്ങളെല്ലാം തന്നെ ഹിർഖലിനൊപ്പം!

യുദ്ധം കൊടുമ്പിരിക്കൊണ്ടു. സേനാനായകർ ഒന്നൊന്നായി രക്തസാക്ഷികളായി. അതി പ്രഗത്ഭരായ മൂന്ന് സൈന്യാധിപരെ നഷ്ടപ്പെട്ടിട്ടും മുസ്ലീം സേന പതറിയില്ല. പോരാടി ജയിക്കുക അല്ലെങ്കിൽ മരിക്കുക. അവർ പുതിയ സേനാനായകനെ തെരഞ്ഞെടുത്തു. ഖാലിദുബ്നുവലീദിനെ ഉഹദിൽ മുസ്ലീംങ്ങളെ പരാജയവക്കത്തെത്തിച്ച അതേ ഖാലിദ്!

ഖാലിദിന്റെ യുദ്ധ തന്ത്രം ഹിർഖലിന്റെ സൈന്യത്തെ ശിഥിലമാക്കി. ഈമാൻ ആയുധമാക്കിയവർക്ക് ശത്രുവിന്റെ ആൾബലമോ ആയുധബലമോ പ്രശ്നമല്ലെന്ന് മുസ്ലീം സൈന്യം ബോധ്യപ്പെടുത്തി. ഹിർഖലും സൈന്യവും തോറ്റോടി. തന്റെ സൈന്യത്തെയും നയിച്ച് മദീനയിലേക്ക് തിരിച്ച ഖാലിദിന് ഇസ്ലാമിക ലോകം ഒരു നാമം കാത്ത് വെച്ചിരുന്നു. തിരുനബിയുടെ നാവ് കൊണ്ട് തന്നെ ആദ്യമായും ആ പേര് വിളിച്ചു. "സൈഫുള്ളാഹ്'' അല്ലാഹുവിന്റെ വാൾ.

സൈദുബ്നുഹാരിസ: നബിയുടെ വളർത്തു പുത്രൻ

ബനൂമഅൻ ഗോത്രത്തിലേക്ക് കുടുംബ സന്ദർശനത്തിനാണ് സഅലബിന്റെ പുത്രി സുഅദാ എട്ട് വയസ്സു മാത്രം പ്രായമുള്ള സഅദിനോടൊപ്പം എത്തിയത്. ആയിടക്കാണ് ബനൂഖൈൻ ഗോത്രത്തിൽപ്പെട്ട ചിലർ കൊള്ളക്കാരായി എത്തിയതും ബനുമഅൻ ഗോത്രത്തിന്റെ സർവ്വതും അപഹരിച്ചതും. കൂട്ടത്തിൽ സഅദിനേയും അവർ കൊണ്ടുപോയി. ഉക്കാള ചന്തയിൽ ആ പാവം ബാലനെ അവർ വിൽപ്പനക്ക് വെച്ചു. ഹഖീമിനു ഹസ്സാമുബ്നു ഖുവൈലിദാണ് സഅദിനെ നാനൂറ് ദിർഹമിന് വാങ്ങിച്ചത്. ഒപ്പം ചില അടിമകളെയും. മക്കയിൽ തിരിച്ചെത്തിയ ഹസ്സാമിനെക്കാണാൻ പിതൃസഹോദരിയായ ഖദീജ(റ) വന്നു.

ഹസ്സാം അവരോടു പറഞ്ഞു. ഞാൻ കുറച്ച് അടിമകളെ കൊണ്ടു വന്നിട്ടുണ്ട്. അവയിൽ ഇഷ്ടമുള്ള ഒരടിമയെ നിങ്ങൾക്ക് കൊണ്ടുപോകാം. അടിമകളുടെ ലക്ഷണം കണ്ട് കൊള്ളാമെന്ന് തോന്നിയ സമർത്ഥനായ സൈദിനെ ഖദീജ ബീവി ഒപ്പം കൂട്ടി. അൽപ്പ കാലം കഴിഞ്ഞപ്പോൾ നബിയും ഖദീജയും തമ്മിലുള്ള വിവാഹം നടന്നു. തന്റെ ഭർത്താവിന് പാരിതോഷികമായി ഈ അടിമയെ ഖദീജാബീവി നൽകുകയായിരുന്നു.

തിരുനബിയെ പരിചരിക്കാനും അടുത്തറിയാനും ആ ബാലന് ഭാഗ്യം കിട്ടി. എന്നാൽ മാതാവ് സുഅദാ നീറിയും വിലപിച്ചും കാലം നീക്കുകയായിരുന്നു. പിതാവ് ഹാരിസയുടെ സ്ഥിതിയും വ്യത്യസ്തമായിരുന്നില്ല. മകനെ നഷ്ടപ്പെട്ടു എന്നറിഞ്ഞത് മുതൽ പല സ്ഥലങ്ങളിലും അന്വേഷിച്ചു. മകൻ ജീവിച്ചിരിപ്പുണ്ടോ എന്ന് പോലുമറിയാതെ മകനെ ഓർത്തു അദ്ദേഹം പാടി- മകന്റെ ഓർമ്മയാണു ഓരോ സൂര്യാസ്തമയങ്ങളും. അവനെ അന്വേഷിച്ചിറങ്ങിയ ഞാൻ ഊരുചുറ്റി മടുക്കുകയില്ല. എന്റെ ഒട്ടകത്തിനും മടുപ്പില്ല ഒന്നുകിൽ ജീവിതം. അല്ലെങ്കിൽ മരണം- എല്ലാ മനുഷ്യരും മരിക്കും.

നാളുകൾക്ക് ശേഷം കഅബ സന്ദർശിക്കാനെത്തിയ ഹാരിസയുടെ നാട്ടുകാരായ ചിലർ അവിടെ വെച്ച് സൈദിനെ കാണുവാനും സംസാരിക്കാനും ഇടയായി, മകന്റെ വേർപാടിൽ ഭ്രാന്തുപിടിച്ചത് പോലെ അലയുന്ന ഹാരിസക്ക് മകൻ മക്കയിലുണ്ടെന്ന വാർത്ത വലിയ ആശ്വാസമായി- സൈദിനെ തിരിച്ചുകൊണ്ടുവരാൻ മോചന ധനവുമായി മക്കയിലെത്തിയ ഹാരിസ തിരുമേനിയുടെ അടുത്തെത്തി. കൂടെ സഹോദരൻ കഅബുമുണ്ടായിരുന്നു. അവർ പറഞ്ഞു. അബ്ദുൾ മുത്ത്വലിബിന്റെ മകനേ, നിങ്ങൾ പുണ്യദേവാലയത്തിന്റെ സംരക്ഷകരും പരിപാലകരും അഗതികളെ സഹായിക്കുന്നവരുമാണ്. കൊള്ളക്കാർ കവർന്നെടുത്ത എന്റെ മകൻ ഇന്ന് നിങ്ങളുടെ അധീനതയിലാണ്. അവരെ എനിക്ക് തിരിച്ചു നൽകിയാലും, നിങ്ങൾ ആവശ്യപ്പെടുന്ന മോചന ദ്രവ്യം നൽകാൻ ഞാൻ ഒരുക്കമാണ്.

തിരുമേനി പറഞ്ഞു. അതിനെക്കാൾ നല്ലൊരു നിർദ്ദേശം ഞാൻ നിങ്ങളുടെ മുന്നിൽ വെക്കാം, നിങ്ങൾ അവനോട് ചോദിക്കണം. നിങ്ങളുടെ കൂടെ വരാൻ ഇഷ്ടമാണോ- അല്ല. ഇവിടെ നിൽക്കാൻ താൽപ്പര്യപ്പെടുന്നോ. നിങ്ങളുടെ കൂടെ വരാൻ ഇഷ്ടപ്പെടുന്നുവെങ്കിൽ അവനെ സൗജന്യമായി നിങ്ങൾക്ക് കൊണ്ടുപോകാം. അല്ല ഇവിടെ നിൽക്കാനാണ് അവൻ താൽപ്പര്യപ്പെടുന്നതെങ്കിൽ എനിക്കൊന്നും പറയാനില്ല. തിരുമേനിയുടെ അഭിപ്രായം ന്യായവും നീതി പൂർവ്വകമാണെന്നും അവർ അഭിപ്രായപ്പെട്ടു. അനന്തരം തിരുമേനി സൈദിനെ വിളിച്ചു ചോദിച്ചു: അവർ ആരാണ്? എന്റെ പിതാവ് ഹാരിസയും പിതൃസഹോദരൻ കഅബും- നിനക്ക് ഇഷ്ടമാണെങ്കിൽ ഇവരുടെ കൂടെ പോകാം. ഇല്ലെങ്കിൽ ഇവിടെ നിൽക്കാം, തീരുമാനിക്കാനുള്ള അധികാരം ഞാൻ നിനക്ക് വിട്ട് തരുന്നു. ഒട്ടും ശങ്കയില്ലാതെ സൈദു പെട്ടെന്ന് പറഞ്ഞു. ഞാൻ അങ്ങയുടെ കൂടെ നിൽക്കും.

ഇത് കേട്ട ഹാരിസ ചോദിച്ചു. മാതാപിതാക്കളെക്കാൾ നീ അടിമത്വം ഇഷ്ടപ്പെടുന്നോ? സൈദ് മറുപടി നൽകി: ഇദ്ദേഹം മഹാനാണ്. ഒരിക്കലും ഞാൻ ഇദ്ദേഹത്തെ പിരിയുകയില്ല.

സൈദിന്റെ കൂറും സ്നേഹവും കണ്ട തിരുനബി അദ്ദേഹത്തിന്റെ കൈപിടിച്ച് കഅബാലയത്തിലേക്ക് കൊണ്ടുപോയി. ഖുറൈശികളുടെ മുന്നിൽ വെച്ച് പ്രഖ്യാപിച്ചു. ഇന്നു മുതൽ ഇവൻ അടിമയല്ല. എന്റെ മകനാണ്. എന്റെ സ്വത്തുക്കളിൽ ഇവന് അനന്തരാവകാശമുണ്ടാവും. ഇവന്റെ സ്വത്തിൽ എനിക്കും. നിങ്ങളാണ് സാക്ഷി- തിരുമേനിയുടെ ദത്തു പുത്രനാണ് മകനെന്നറിഞ്ഞ ഹാരിസയും സഹോദരനും സന്തോഷത്തോടെ തിരിച്ചുപോയി. ദത്തെടുക്കൽ സമ്പ്രദായത്തെ അള്ളാഹു അസാധുവാക്കുന്നത് വരെ സൈബ്നുമുഹമ്മദ് എന്ന പേരിൽ തന്നെയാണ് സൈദ്ബ്നു ഹാരിസ അറിയപ്പെട്ടത്.

കുടുംബത്തെ ഉപേക്ഷിച്ച് തിരുമേനിക്ക് ഒപ്പം നിൽക്കുമ്പോൾ നബി പ്രവാചകരാകുമെന്നോ മറ്റോ ഉള്ള യാതൊരറിവും അന്നില്ലായിരുന്നു- സ്നേഹം കൊണ്ടു തന്നെ കീഴടക്കിയ സൈദിനെ പ്രവാചകൻ വല്ലാതെ സ്നേഹിച്ചു തന്റെ പിതൃവ്യ പുത്രി സൈബിനെ വിവാഹം ചെയ്തു കൊടുത്തു. എന്നാൽ അടിമത്വത്തിൽ നിന്നും മോചിതനായ ഒരാളുടെ ഭാര്യയായി തുടരാൻ സൈനബിലെ ആഭിജാത്യം അനുവദിച്ചില്ല. അവർ വിവാഹമോചനം നേടിയപ്പോൾ ഉഖ്ബയുടെ മകൾ ഉമ്മുകുൽസൂമിനെ വിവാഹം കഴിച്ചു. ആയിശബീവി പറയുന്നുണ്ട്. സൈദ് എത്തിയാൽ നബി ഓടിച്ചെന്ന് വാതിൽ തുറക്കും. സൈദിനെ കെട്ടിപ്പിടിച്ച് ഉമ്മ വെക്കും. മറ്റാർക്കും നൽകാത്ത സ്നേഹം നൽകും. അതുകൊണ്ടു തന്നെ സൈദുൽ ഹുബ്ബ്- സ്നേഹിതനായ സൈദെന്നും അദ്ദേഹത്തെ സഹാബികൾ വിളിച്ചിരുന്നു.

തന്റെ പ്രതിനിധിയായി എവിടെയും നിയോഗിച്ച സൈദിനെ തന്നെയാണ് മുഅത്ത്യിലേക്കും യുദ്ധനായകനായി നബി അയച്ചത്. അവിടെ വെച്ച് അദ്ദേഹം ശഹീദായി എന്നറിഞ്ഞപ്പോൾ സൈദിന്റെ വീട്ടിലേക്ക് നബി(സ) കടന്നുചെന്നു. സൈദിന്റെ മകൾ നബിയെ കെട്ടിപ്പിടിച്ച് കരഞ്ഞു. കൂടെ നബി തങ്ങളും. സഹാബികൾ ഇതെന്താണ് നബിയെ എന്ന് ചോദിച്ചപ്പോൾ അവിടുന്ന് പറഞ്ഞു. സ്നേഹിതന് വേണ്ടി സ്നേഹിതന്റെ കണ്ണീരാണിത്- മുഅത്തയിലെ ഈ മഖ്ബറയിൽ എന്തെല്ലാം ഓർമ്മകളാണ് മൂടിക്കിടക്കുന്നത്.

(തുടരും)

NSS
AMBEDKAR
UNIT
ഹരിത
ബൂത്ത്
ഉദുമ മണ്ഡലത്തിലെ പെരിയ ഹയർസെക്കൻഡറി സ്കൂളിൽ എൻ.എസ്.എസ് വളണ്ടിയർമാരുടെ നേതൃത്വത്തിൽ ഒരുക്കിയ ഹരിത ബൂത്ത്

ജില്ലയിലെ തെരഞ്ഞെടുപ്പ് ഹരിത ചട്ടം പാലിച്ച്

കാസർകോട്: ജില്ലയിലെ എല്ലാ ബൂത്തുകളിലും തെരഞ്ഞെടുപ്പ് ഹരിത ചട്ടം പാലിച്ച് സുഗമമായി നടന്നു. ഭക്ഷണ അവശിഷ്ടങ്ങളും മറ്റ് ജൈവ മാലിന്യങ്ങളും പഞ്ചായത്ത്, നഗരസഭകളുടെ മേൽനോട്ടത്തിൽ പോളിങ് ദിവസം തന്നെ നീക്കം ചെയ്തു. മെഡിക്കൽ മാലിന്യങ്ങൾ നിർമ്മാർജനം ചെയ്യാൻ ആരോഗ്യവകുപ്പ് മേൽനോട്ടം വഹിച്ചു.

ഉദുമ മണ്ഡലത്തിലെ പെരിയ ഹയർസെക്കൻഡറി സ്കൂളിൽ എൻ.എസ്.എസ് വളണ്ടിയർമാരുടെ നേതൃത്വത്തിൽ ഹരിത ബൂത്ത് അണിയിച്ചൊരുക്കി. ചേമ്പിലയും മറ്റ് ജൈവ വസ്തുക്കളും ഉപയോഗിച്ച് അലങ്കരിച്ച സ്കൂളിലെ ബൂത്തുകളിൽ കർമ്മ നിരതരായി ഹരിതകർമ്മ സേനയും പ്രവർത്തിച്ചു. കുടുംബശ്രീ മിഷൻ ഭക്ഷണം വിതരണം ചെയ്യുമ്പോഴും പാർസൽ സർവ്വീസ് ഒഴിവാക്കാൻ നേരത്തേ തന്നെ തീരുമാനിച്ചിരുന്നുവെന്നും പോളിങ് ഉദ്യോഗസ്ഥരുടെ പരിശീലന സമയത്ത് അവർക്ക് ആവശ്യമായ പ്ലേറ്റും ഗ്ലാസും കരുതാനുള്ള നിർദ്ദേശവും നൽകിയിരുന്നെന്ന് ഹരിത ചട്ടം നോഡൽ ഓഫീസർ എ. ലക്ഷ്മി അറിയിച്ചു.

വോട്ട് വിശേഷങ്ങൾ പങ്കുവെച്ച് കന്നി വോട്ടർമാരും മുത്തശ്ശിമാരും

കാസർകോട്: വോട്ട് വിശേഷങ്ങൾ പങ്കുവെച്ച് കന്നി വോട്ടർമാരും മുത്തശ്ശിമാരും. അഹാലെ സുന്നത്ത് ഹനാഫി ജുമാ മസ്ജിദ് കെട്ടിടത്തിലെ 78 എ ബൂത്തിന്റെ മുന്നിലായിരുന്നു അനുഭവങ്ങളുടെ ഈ പങ്കു വെക്കൽ. വോട്ടോർമ്മകളും ആദ്യ വോട്ട് അനുഭവങ്ങളും അവർ പരസ്പരം കൈമാറി. പതിനെട്ടുകാരായ നേഹ, പ്രീതിക, 57 വയസ്സുള്ള യശോദ, 60 കാരി ചന്ദ്രാവതി എന്നിവരാണ് പോളിങ് ബൂത്തിന് മുന്നിൽ വേറിട്ട കാഴ്ചയൊരുക്കിയത്. എല്ലാപേരും ഉപ്പള സ്വദേശികളാണ്.

സംസ്ഥാനത്തെ ഒന്നാം നമ്പർ ബൂത്തിൽ 506 പേർ വോട്ടു ചെയ്തു

കാസർകോട്: സംസ്ഥാനത്തെ ഒന്നാം നമ്പർ ബൂത്തായ കുഞ്ചത്തൂർ ഗവ.വൊക്കേഷണൽഹയർസെക്കൻഡറി സ്കൂളിൽ (പടിഞ്ഞാറ് ഭാഗത്തെ കെട്ടിടം) 216 പുരുഷ വോട്ടർമാരും 290 സ്ത്രീ വോട്ടർമാരുമുൾപ്പെടെ 506 പേർ വോട്ടു രേഖപ്പെടുത്തി. മഞ്ചേശ്വരം നിയമസഭാ മണ്ഡലത്തിലെ ഈ ബൂത്തിൽ ആകെ 653 വോട്ടർമാരാണുള്ളത്. 77.48 ആണ് പോളിങ് ശതമാനം.

കോവിഡ്; ആശങ്ക ഉയരുന്നു

കാസർകോട്: കോവിഡ് വീണ്ടും ശക്തമായതോടെ പരക്കെ ആശങ്കയും ഉയർന്ന് തുടങ്ങി. കഴിഞ്ഞ ദിവസങ്ങളിൽ ഇതര സംസ്ഥാനങ്ങളോടൊപ്പം കേരളത്തിലും രോഗികളുടെ എണ്ണത്തിൽ നേരിയ വർദ്ധനവുണ്ടായിതുടങ്ങിയിട്ടുണ്ട്. ടെസ്റ്റ് പൊസിറ്റീവ് നിരക്കും ഉയരുന്നുണ്ട്. ഇതോടൊപ്പം കാസർകോട് ജില്ലയിലും രോഗികളുടെ എണ്ണത്തിൽ നേരിയ വർദ്ധനവാണ് രേഖപ്പെടുത്തിവരുന്നത്.

മഹാമാരിക്കെതിരെയുള്ള പ്രതിരോധ നടപടികൾ ശക്തമാകുന്നതിനിടയിലും രോഗ വ്യാപനം തുടരുന്നത് മൂലം ഉയർന്നിട്ടുള്ള ആശങ്ക കുറച്ചൊന്നുമല്ല. രാജ്യത്ത് കഴിഞ്ഞ ദിവസം രോഗികളുടെ എണ്ണം ഒരു ലക്ഷം കവിഞ്ഞിരുന്നു. ശക്തമായ പ്രതിരോധ നടപടികളെ തുടർന്ന് രോഗികളുടെ എണ്ണം വൻതോതിൽ കുറഞ്ഞുവരുന്നതിനിടെയാണ് എണ്ണത്തിൽ വൻ കുതിച്ചു ചാട്ടം ഉണ്ടായി കൊണ്ടിരിക്കുന്നത്. മഹാരാഷ്ട്രയടക്കമുള്ള സംസ്ഥാനങ്ങളിൽ രോഗ നിയന്ത്രണത്തിന്റെ ഭാഗമായി ഭാഗികമായ കർഫ്യൂവും പ്രഖ്യാപിച്ചു കഴിഞ്ഞു. ഏറ്റവും അധികം പ്രതിദിന കോവിഡ് രോഗികളുള്ള സംസ്ഥാനമായി മഹാരാഷ്ട്ര മാറിക്കഴിഞ്ഞു. ഈ സാഹചര്യത്തിലാണ് കടുത്ത നിയന്ത്രണങ്ങൾക്ക് സംസ്ഥാന സർക്കാരിനെ പ്രേരിപ്പിച്ചത്. കർഫ്യൂ എത്ര നാൾ തുടരുമെന്ന് അധികൃതർ ഇതുവരെ വ്യക്തമാക്കിയിട്ടില്ല. കേരളമുൾപ്പെടെയുള്ള സംസ്ഥാനങ്ങളും കോവിഡിന്റെ തുടക്കത്തിൽ സംസ്ഥാനത്ത് കർഫ്യൂ പ്രഖ്യാപിച്ചിരുന്നു. എന്നാൽ ശക്തമായ പ്രതിരോധ നടപടികളുടെ ഫലമായി രോഗം നിയന്ത്രണ വിധേയമായിരുന്നു.

എന്നാൽ ഇപ്പോൾ രാജ്യത്ത് അനുദിനം കൂടിവരുന്ന രോഗികളുടെ എണ്ണം കടുത്ത ആശങ്കയാണ് ഉയർത്തുന്നത്. കോവിഡിന്റെ രണ്ടാം തരംഗമെന്നാണ് വ്യാപനത്തെ അധികൃതർ വിശേഷിപ്പിക്കുന്നത്. അതേസമയം കൂടുതൽ വ്യാപിക്കാതിരിക്കാനുള്ള എല്ലാ മുൻകരുതലുകൾ നടപടികളും കേന്ദ്ര സർക്കാരുൾപ്പെടെ ബന്ധപ്പെട്ടവരെല്ലാം കൈക്കൊള്ളുന്നുണ്ട്. ഇതിന്റെ ഭാഗമായാണ് കോവിഡ് വാക്സിൻ എല്ലാ വിഭാഗം ജനങ്ങൾക്കും നൽകി വരുന്നത്. മികച്ച ഫലമാണ് വാക്സിൻ നൽകുന്നതെന്നാണ് കണ്ടെത്തൽ. അത് കൊണ്ട് തന്നെ കൂടുതൽ വിഭാഗം ജനങ്ങളിലക്ക് വാക്സിൻ നൽകുന്നതിനുള്ള തയ്യാറെടുപ്പിലുമാണ് ബന്ധപ്പെട്ടവർ.

എന്നാൽ മഹാമാരിക്കെതിരെയുള്ള ജാഗ്രത കൈവിടാതെ സൂക്ഷിക്കേണ്ടത് അനിവാര്യമാണ്. കോവിഡ് മാനദണ്ഡങ്ങൾ പൂർണ്ണമായും പാലിക്കപ്പെടേണ്ടതുണ്ട്. ഇക്കാര്യത്തിൽ ഒരു വിട്ടുവീഴ്ചയും പാടില്ലാത്തതാണ്. എന്നാൽ മാത്രമെ മഹാവിപത്തിൽ നിന്ന് മുക്തമാകാൻ സാധിക്കുകയുള്ളൂവെന്നാണ് വിലയിരുത്തൽ.

വെള്ളരികൃഷി വിളവെടുപ്പ് നടത്തി

അമ്പലത്തറ: സുഭിക്ഷ കേരളം പദ്ധതിയുടെ ഭാഗമായി ബാലസംഘം ആനക്കല്ല് യൂണിറ്റ് നടത്തിയ വെള്ളരികൃഷിയുടെ വിളവെടുപ്പ് സംസ്ഥാന വൈസ് പ്രസിഡണ്ട് ശില്പ കോടോത്ത് ഉദ്ഘാടനം ചെയ്തു.

മൃദുൽ മധു ആധ്യക്ഷം വഹിച്ചു. കവിത കൃഷ്ണൻ വെള്ളരിക്ക വിതരണം നിർവ്വഹിച്ചു. സുനിൽ പാറപ്പള്ളി, അനുപ്രിയ, പി നാരായണൻ, ടി കെ പുരുഷോത്തമൻ, അശ്വിനി ശശീന്ദ്രൻ, സവിതാ രാജൻ സംസാരിച്ചു.

മറുകര താണ്ടി ഒരു വോട്ട്; ഒരു കൊപ്പൽ മാതൃക

കാസർകോട്: നഗരസഭ ഇരുപത്തിയെട്ടാം വാർഡ് തളങ്കര കൊപ്പൽ ദ്വീപിലെ 16 കുടുംബങ്ങളും തെരഞ്ഞെടുപ്പിന്റെ ആവേശത്തിലേറി.

ഭൂരിഭാഗവും കൂലിപ്പണിക്കാരാണ് ഇവിടെ താമസിക്കുന്നത്. രാവിലെ പണിക്ക് പോകുന്നതിന് മുൻപ് തന്നെ മിക്ക ആളുകളും വോട്ട് ചെയ്തു.

ദ്വീപിൽ നിന്ന് പാലത്തിലൂടെ മറുവശത്തെത്തി തളങ്കര മുസ്ലീം എൽ.പി സ്കൂളിൽ സജ്ജീകരിച്ച ബൂത്തിൽ വോട്ട് ചെയ്ത് പുറത്തിറങ്ങവേ മുഹമ്മദ് അലിയും ബാബുവും സരോജയും വലിയ സന്തോഷത്തിലായിരുന്നു. ദ്വീപിലെ നൂറ് പേരും വോട്ട് പാഴാക്കാതെ എല്ലാകാലത്തും ബൂത്തുകളിൽ എത്താറുണ്ടെന്നും അത് ഇത്തവണയും മുടക്കില്ലെന്നും ദ്വീപ് നിവാസിയായ നാൽപത്തിമൂന്നുകാരി സരോജ പറഞ്ഞു.